"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോഴിക്കോട് ജില്ല - നൊച്ചാട് ഗ്രാമ പഞ്ചായത്ത് - നൊച്ചാട് ഫെസ്റ്റ് - തനത് ഫണ്ടിൽ നിന്നും തുക ചെലവഴിക്കുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.3037/2025/LSGD തീയതി,തിരുവനന്തപുരം, 20-12-2025

---

പരാമർശം:- 1. പ്രിൻസിപ്പൽ ഡയറക്ടറുടെ 23-10-2025 തീയതിയിലെ LSGD/PD/29711/2025-REV4 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കോഴിക്കോട് ജില്ലയിലെ നൊച്ചാട് ഗ്രാമ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 20.04.2025 മുതൽ 26.04.2025 വരെ ഏഴ് ദിവസങ്ങളിലായി നൊച്ചാട് ഫെസ്റ്റ് എന്ന പേരിൽ കലാകായിക സാസ്കാരിക പരിപാടികൾ സംഘടിപ്പിച്ചിരുന്നെന്നും പ്രസ്തുത പരിപാടിയ്ക്ക് മൊത്തം 20,64,300/- രൂപ ചെലവായിരുന്നെന്നും സ്പോൺസർഷിപ്പിലൂടെയും പൊതുജനങ്ങളുടെ സഹകരണത്തോടെയുമാണ് പരിപാടി സംഘടിപ്പിച്ചിരുന്നതെങ്കിലും ഗ്രാമപഞ്ചായത്തിന് ഈ ഇനത്തിൽ 1,97,000/- രൂപ അധിക ബാധ്യത ഉണ്ടായെന്നും പ്രസ്തുത തുക ഗ്രാമപഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് സമർപ്പിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നൊച്ചാട് ഗ്രാമ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 20.04.2025 മുതൽ 26.04.2025 വരെ ഏഴ് ദിവസങ്ങളിലായി നടന്ന നൊച്ചാട് ഫെസ്റ്റ് എന്ന കലാകായിക സാസ്കാരിക പരിപാടിയുടെ ചെലവ് ഇനത്തിൽ അധിക ബാധ്യത ഇനത്തിൽ **₹1,47,000/-(ഒരു ലക്ഷത്തി നാൽപ്പത്തി ഏഴായിരം രൂപ മാത്രം)** ഗ്രാമ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും ഭരണ സമിതി തീരുമാനത്തിന് വിധേയമായി ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MUHAMMED NAJEEB T A

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ഐ & പി.ആർ.ഡി/വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sindhumole K A
Date: 23-12-2025 11:25:48

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു. തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.